പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 311 09.03.2015-ൽ മറുപടിയ്ക്ക്

## 35-ാമത് ദേശീയ ഗെയിംസ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ടി.യു.കുരുവിള | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | 35-മത് ദേശീയ ഗെയിംസ് വിജയകരമായി നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) | കേരളത്തിലെ 7 ജില്ലകളിലായി നടന്ന 35-ാം ദേശീയ ഗെയിംസിന്റെ വിജയകരമായ നടത്തിപ്പിനായി വിപുലമായ രീതിയിലുള്ള ആസൂത്രണവും മുന്നൊരുക്കങ്ങളുമാണ് നടത്തിയിരുന്നത്. ഇതിനുപുറമേ ദേശീയ ഗെയിംസ് ഓർഗനൈസിംഗ് കമ്മിറ്റിയും, പ്രത്യേക ചുമതലകൾ നൽകി കൊണ്ടുള്ള 22 സബ്ബ് കമ്മിറ്റികളും, ജില്ലാതല പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പാക്കുന്നതിന് 7 ജില്ലാതല കമ്മിറ്റികളും രൂപീകരിച്ചിരുന്നു. കൂടാതെ ദേശീയ ഗെയിംസ് നടത്തിപ്പിനാവശ്യമായ കായിക ഉപകരണങ്ങൾ വാങ്ങുന്നതിനും, വിവിധ സേവനങ്ങൾ നിയമാനുസൃതമായി ലഭ്യമാക്കുന്നതിനുമായി പർച്ചേസ് കമ്മിറ്റിയും രൂപീകരിച്ചിരുന്നു. ബഹു.മുഖ്യമന്ത്രി ചെയർമാനായുള്ള ദേശീയ ഗെയിംസ് എക്സിക്യൂട്ടീവ് കമ്മിറ്റി ദേശീയ ഗെയിംസിന്റെ തയ്യാറെടുപ്പ് സംബന്ധിച്ച് യഥാസമയം യോഗം ചേർന്ന് വിലയിരുത്തുകയും, മാർഗ്ഗനിർദ്ദേശങ്ങളും യുക്തമായ തീരുമാനങ്ങളും കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. ഗെയിംസിന്റെ വേദികളായി നിശ്ചയിക്കപ്പെട്ട സ്റ്റേഡിയങ്ങളുടെ നിർമ്മാണ/നവീകരണ പ്രവർത്തനങ്ങളും താൽക്കാലിക നിർമ്മിതികളും ഗെയിംസ് തുടങ്ങുന്നതിന് മുമ്പായി തന്നെ പൂർത്തീകരിക്കുകയും ചെയ്തു. മത്സരങ്ങൾക്കാവശ്യമായ കായിക ഉപകരണങ്ങൾ അതാത് വേദികളിൽ മത്സരങ്ങൾ ആരംഭിക്കുന്നതിനു മുമ്പായി തന്നെ ലഭ്യമാക്കുന്നതിന് വേണ്ട ഏർപ്പാടുകൾ ദേശീയ ഗെയിംസ് സെക്രട്ടേറിയറ്റ് നടത്തിയിരുന്നു. കായികതാരങ്ങൾക്കും ഒഫീഷ്യൽസിനും താമസിക്കുന്നതിനായി തിരുവനന്തപുരത്ത് വിപുലമായ രീതിയിൽ ഗെയിംസ് വില്ലേജ് ഉണ്ടാക്കുകയും മറ്റ് ജില്ലകളിൽ ഹോട്ടൽ മുറികൾ മുൻകൂറായി ബുക്ക് ചെയ്യുകയും ചെയ്തിരുന്നു. ഇവർക്ക് വേദികളിലേക്കും താമസസ്ഥലത്തേക്കും തടസ്സമില്ലാതെ യാത്രചെയ്യുന്നതിനായി |

വാഹനസൗകര്യം ഏർപ്പെടുത്തുകയുമുണ്ടായി. കായികതാരങ്ങക്കും ഒഫീഷ്യൽസിനും നല്ല രീതിയിൽ ഭക്ഷണം നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി. 7 ജില്ലകളിലെ വിവിധ വേദികളിലായി നടത്തിയ മത്സരങ്ങൾ തടസ്സം കൂടാതെയും പരാതിയ്ക്കിടവരാതെയും നടത്തുന്നതിനായും പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുമുള്ള നടപടിയും സ്വീകരിച്ചു. മത്സരങ്ങൾ സമയക്രമമനുസരിച്ച് നിശ്ചയിക്കപ്പെട്ട പ്രകാരം നടത്തുന്നതിനായി ടെക്നിക്കൽ ഒഫീഷ്യൽസിന്റെയും ഇതുമായി ബന്ധപ്പെട്ട വിദഗ്ദ്ധരുടെയും സേവനം മുൻകൂട്ടി ഉറപ്പുവരുത്തുകയുമുണ്ടായി.

(ബി) ദേശീയ ഗെയിംസിനായി നവീകരിച്ച സ്റ്റേഡിയങ്ങൾ സൂക്ഷിക്കുന്നതിനും, കായിക താരങ്ങൾക്ക് സ്ഥിരമായി ഉപയോഗപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ദേശീയ ഗെയിംസിനു ശേഷമുള്ള സ്റ്റേഡിയങ്ങളുടെ പരിപാലനം സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

സ്റ്റേഡിയങ്ങളുടെ തുടർഉപയോഗം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഈ ഗെയിംസിന്റെ വിജയത്തിന്റെ അടിസ്ഥാനത്തിൽ ദേശീയ അത് ലെറ്റിക് മീറ്റ്, ദേശീയ സ്കൂൾ കായിക മേള തുടങ്ങിയവ കേരളത്തിൽ നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(സി) 35-ാം ദേശീയ ഗെയിംസിനായി നിർമ്മിച്ച/നവീകരിച്ച അടിസ്ഥാനസൗകര്യങ്ങൾ ഉപയോഗിച്ച് ദേശീയ അത്‌ലറ്റിക് മീറ്റ് ദേശീയ സ്കൂൾ കായികമേള തുടങ്ങിയവ സംസ്ഥാനത്ത് നടത്താവുന്നതാണ്.

സെക്ഷൻ ഓഫീസർ